നമ്പർ എച്ച്2/42500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 04.07.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2018-19 - അധ്യാപക ബാങ്ക് 2017-18 സംരക്ഷിത ജീവനക്കാരുടെ വിവരശേഖരണവും പുനർവിന്യാസവും സംബന്ധിച്ച്.

സൂചന : 1. ഈ കാര്യാലയത്തിൽ നിന്നുള്ള 16.06.2018 ലെ ഇതേ നമ്പർ പരിപത്രം
2. 29.01.2016 ലെ സ.ഉ.(പി) നമ്പർ 29/2016/പൊ.വി.വ.
3. 05.08.2016 ലെ സ.ഉ.(പി) നമ്പർ 134/2016/പൊ.വി.വ.

ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 2018-19 ലെ തസ്തിക നിർണയം അതിന്റെ അന്തിമഘട്ടത്തിലേക്കു കടന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പകുതിയോളം എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസുകളിൽ തസ്തികനിർണയ ഉത്തരവ് പ്രസിദ്ധീകരിച്ചു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ആത്മാർത്ഥതയോടെയുള്ള ഈ പ്രവർത്തനത്തിന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. പുനർവിന്യസിക്കപ്പെടാത്ത കാലയളവിൽ സംരക്ഷിതാധ്യാപകർക്ക് ശമ്പളത്തിന് അർഹതയില്ലാത്തതിനാൽ ജൂലൈ 15 നു മുമ്പ് പുനർവിന്യാസ പ്രവർത്തനങ്ങളും പൂർത്തിയാക്കാൻ (കോടതി ഉത്തരവിന് അനുസൃതമായി) നമുക്കു കഴിയണം. അതിനു വേണ്ടിയുള്ള, ഇനിയുള്ള 10 ദിവസക്കാലത്തെ കർമപരിപാടികളാണ് ഈ കത്തിന്റെ ഉള്ളടക്കം. ഒരു മനസ്സോടെ പരിശ്രമിച്ചാൽ 13.07.2018 നുതന്നെ ഈ വർഷത്തെ തസ്തിക നിർണയ പ്രവർത്തനങ്ങൾ (കോടതി ഉത്തരവിന് അനുസൃതമായ പുനർവിന്യാസം ഉൾപ്പെടെ) അവസാനിപ്പിക്കാൻ കഴിയുമെന്നത് തീർച്ചയാണ്.

15.07.2018 ന് തസ്തിക നഷ്ടമായി പുറത്താകുന്ന, സംരക്ഷണത്തിന് അർഹതയുള്ള ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി 'അധ്യാപകബാങ്ക്' നവീകരിക്കുക എന്നതാണ് ഇനി അടിയന്തരമായി നിർവഹിക്കേണ്ട മറ്റൊരു പ്രധാന ജോലി. 2016-17, 2017-18 വർഷങ്ങളിലെ സംരക്ഷിതാധ്യാപകരെ മുഴുവൻ ഉൾപ്പെടുത്തി അധ്യാപകബാങ്ക് പരിഷ്കരിച്ചത് ഓർക്കുമല്ലോ. ഐ.ടി@സ്കൂളിന്റെ വെബ്സൈറ്റ് വഴിയാണ് അന്ന് വിവരങ്ങൾ ശേഖരിച്ചത്. ഇപ്പോഴും അതേ മാർഗം അവലംബിച്ചുതന്നെയാണ് വിവരശേഖരണം നടത്തുന്നത്.

**<u>ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ചെയ്യേണ്ടത്</u>**

- കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in) ലഭ്യമാകുന്ന Services എന്ന മെനുവിൽ നിന്നും Teachers Bank 2017-18 എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് സമ്പൂർണയുടെ യൂസർനെയിം, പാസ്‌വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
- ഇടതുവശത്ത് രണ്ടാമതായി കാണുന്ന List of Protected Employees എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. ബന്ധപ്പെട്ട ജില്ലയിലെ/ഉപജില്ലയിലെ സ്കൂൾ ലിസ്റ്റ് ദൃശ്യമാകും.
- സംരക്ഷിത ജീവനക്കാർ ഉള്ള സ്കൂളുകൾ ഓരോന്നായി ക്ലിക്ക് ചെയ്യുക. സ്കൂളിന്റെയും മാനേജുമെന്റിന്റെയും വിവരങ്ങൾ എന്റർ ചെയ്യാനുള്ള പേജ് ദൃശ്യമാകും. സ്കൂളിന്റെ വിവരങ്ങൾ പേജിൽ തന്നെ ചേർത്തിട്ടുണ്ട്. മാനേജുമെന്റ് സംബന്ധമായ വിവരങ്ങളാണ് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്റർ ചെയ്യേണ്ടതാണ്. <u>ഇതിൽ Name of Management എന്ന കോളത്തിൽ, കോർപ്പറേറ്റ് മാനേജുമെന്റുകളുടെ കാര്യത്തിൽ, മാനേജുമെന്റിന്റെ പേര് അവരുടെ ലെറ്റർ ഹെഡിൽ പ്രിന്റ് ചെയ്തിരിക്കുന്നത് യാതൊരു</u>

വ്യത്യാസവുമില്ലാതെ അതേപടി ടൈപ്പ് ചെയ്യണം. (Capital/Small Letters, ചിഹ്നങ്ങൾ തുടങ്ങിയവയിൽ പോലും മാറ്റം പാടില്ല. പേരും അതിനോടൊപ്പം വരുന്ന ആദ്യത്തെ സ്ഥലപ്പേരും മാത്രം ടൈപ്പ് ചെയ്താൽ മതിയാകും) ഇക്കാര്യം വളരെ ശ്രദ്ധിക്കണം. സ്കൂൾ മാനേജുമെന്റ് Individual ആണെങ്കിൽ ഇവിടെ സ്കൂളിന്റെ പേര് ടൈപ്പ് ചെയ്താൽ മതിയാകും.

- മൈനോരിറ്റി സ്റ്റാറ്റസ് ലഭിച്ചിട്ടുള്ള സ്കൂൾ ആണെങ്കിൽ Yes, അല്ലെങ്കിൽ No സെലക്ട് ചെയ്യുക.
- സംരക്ഷിത ജീവനക്കാർ ഇല്ലാത്ത സ്കൂളുകളുടെ കാര്യത്തിൽ NIL ഓപ്ഷൻ സെലക്ട് ചെയ്യുക.

ഈ പേജിൽ എല്ലാ ഫീൽഡിലെയും വിവരങ്ങൾ എന്റർ ചെയ്തു കഴിഞ്ഞാൽ അവയിൽ തെറ്റില്ലെന്ന് ഉറപ്പുവരുത്തി Save ചെയ്യുക.

- പിന്നീട് Add Protected Employee Details എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ എന്റർ ചെയ്യുന്നതിനുള്ള പേജ് ദൃശ്യമാകും.
- ഇതിൽ Name of Employee, PEN എന്നിവ തെറ്റ് കൂടാതെ ടൈപ്പ് ചെയ്യുക. പേര് മുഴുവൻ Capital Letters ൽ ടൈപ്പ് ചെയ്യരുത്. (Seethalakshmi Amma K.S എന്നത് ശരിയായ മാതൃക)
- Designation സെലക്ട് ചെയ്യണം. ഇവിടെ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. അധ്യാപക പാക്കേജ് വഴി നിയമിതരായ റിട്രഞ്ച്ഡ് അധ്യാപകർ 'C.R.C. Co-ordinator' ആണ്. (മറ്റ് സംരക്ഷിതാധ്യാപകരെ C.R.C കോ-ഓർഡിനേറ്റർ ആയി പുനർവിന്യസിച്ചിട്ടുണ്ടാകും. അവരുടെ യഥാർത്ഥ തസ്തിക വേണം സെലക്ട് ചെയ്യേണ്ടത്.) അതുപോലെ അധ്യാപക പാക്കേജ് വഴി, തസ്തികയും നിയമനാംഗീകാരവും ഇല്ലാതെ, സർക്കാർ സ്കൂളുകളിലും മറ്റും വിന്യസിക്കപ്പെട്ട് അവിടെ തുടരുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരാണെങ്കിൽ അവരുടെ തസ്തികകളുടെ ബ്രാക്കറ്റിൽ (Package) എന്നു കൂടിയുള്ളത് സെലക്ട് ചെയ്യുക. [ഉദാ:- Drawing Teacher (H.S – Package)]
- തസ്തിക നഷ്ടമായെങ്കിലും ഒന്നിലധികം സ്കൂളുകളിൽ ക്ലബ് ചെയ്ത് ഇപ്പോൾ നിലനിർത്തിയിരിക്കുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരെയും ലിസ്റ്റിൽ ഉൾപ്പെടുത്തണം. അവരുടെ വിവരങ്ങളും എന്റർ ചെയ്യണം. (ഇവരെ മുൻവർഷം അധ്യാപകബാങ്കിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്ന വിവരം ഓർക്കുക.)
- എല്ലാ ഫീൽഡുകളും എന്റർ ചെയ്തു കഴിഞ്ഞാൽ Save ചെയ്യുക. എല്ലാ ഫീൽഡിലെയും എൻട്രി പൂർത്തിയായാൽ മാത്രമേ Save ചെയ്യാൻ കഴിയൂ. തുടർന്ന് ദൃശ്യമാകുന്ന ലിസ്റ്റ് സൂക്ഷ്മമായി പരിശോധിക്കുക. തെറ്റുകൾ കണ്ടെത്തിയാൽ Edit ബട്ടൺ ക്ലിക്ക് ചെയ്ത് എഡിറ്റ് ചെയ്യേണ്ടതാണ്.

(സംശയങ്ങൾ ഉണ്ടാകാവുന്ന ഫീൽഡുകളിൽ നടത്തേണ്ട എൻട്രിയെക്കുറിച്ചു മാത്രമേ മുകളിൽ വിശദീകരിച്ചിട്ടുള്ളൂ. അവ കൂടാതെ വിവരങ്ങൾ എന്റർ ചെയ്യാനുള്ള ഫീൽഡുകൾ വേറെയുമുണ്ടെന്നത് മറക്കരുത്.)

**വിദ്യാഭ്യാസ ഉപഡയറക്ടർമാർ ചെയ്യേണ്ടത്**

'സമ്പൂർണ'യുടെ User name, Password ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാഭ്യാസ ജില്ലയുടെ/ഉപജില്ലയുടെ പേരിൽ ക്ലിക്ക് ചെയ്താൽ റവന്യൂ ജില്ലയിലെ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തയ്യാറാക്കിയ List of Protected Employees ദൃശ്യമാകും. അവ പരിശോധിക്കുക. തെറ്റുകൾ എന്തെങ്കിലും ശ്രദ്ധയിൽപെട്ടാൽ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ ഓഫീസർമാരിൽ നിന്ന് വിശദീകരണം വാങ്ങി ലിസ്റ്റ് എഡിറ്റ് ചെയ്യാവുന്നതാണ്. തുടർന്ന് പേരിനു നേരെയുള്ള view ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണോ എന്നു പരിശോധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ confirm ചെയ്യണം.

മേൽപറഞ്ഞ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി വിദ്യാഭ്യാസ ജില്ലയിലെ/ഉപജില്ലയിലെ നിലവിലുള്ള അധ്യാപക ബാങ്ക് (2017-18) 2018 ജൂലൈ 5 രാവിലെ 10 മണിമുതൽ കൈറ്റിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഇതിൽനിന്ന് മാതൃവിദ്യാലയത്തിലേക്കു

മടങ്ങിപ്പോയവരെയും (അധിക തസ്തികയിൽ 15.07.2018 ന് മടങ്ങിപ്പോകുന്നവർ ഉൾപ്പെടെ) വിരമിച്ചവരെയുമൊക്കെ ഒഴിവാക്കിയും, 2018-19 ലെ തസ്തികനിർണയത്തിൽ തസ്തിക നഷ്ടമാകുന്ന (15.07.2018), സൂചന 2 ലെ ഉത്തരവ് പ്രകാരം സംരക്ഷണത്തിന് അർഹതയുള്ള ജീവനക്കാരെ ഉൾപ്പെടുത്തിയുമാണ് ഈ അധ്യാപകബാങ്ക് പരിഷ്കരിക്കേണ്ടത്. വിവരങ്ങൾ എന്റർ/എഡിറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം പഴയതുപോലെ തന്നെ. **09.07.2018 വൈകീട്ട് 5 മണിവരെ ഇതിനു സമയമുണ്ട്. ജൂലൈ 10 ന് എല്ലാ ജില്ലകളിലും വിദ്യാഭ്യാസ ഉപഡയറക്ടർതലത്തിൽ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കേണ്ടതും 2018-19 വർഷത്തെ അധ്യാപക ബാങ്ക് വിദ്യാഭ്യാസ ഉപഡയറക്ടർ അതീവ ശ്രദ്ധയോടെ പരിശോധിച്ച് കൺഫേം ചെയ്യേണ്ടതുമാണ്. 11.07.2018 രാവിലെ മുതൽ ലിസ്റ്റ് എഡിറ്റിംഗിനായി സൈറ്റിൽ ലഭ്യമാകുന്നതല്ല.**

സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ എന്റർ ചെയ്യുമ്പോൾ പരമാവധി ശ്രദ്ധിക്കണമെന്നും ഒരാളുടെപോലും പേരുവിവരങ്ങൾ എന്റർ ചെയ്യാൻ വിട്ടുപോകരുതെന്നും മുൻപും കർശന നിർദേശം നൽകിയിരുന്നതാണ്. എന്നിട്ടുപോലും ചില എ.ഇ.ഒ./ഡി.ഇ.ഒ. മാർ ഏതാനും സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ എന്റർ ചെയ്യാൻ വിട്ടുപോയതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തവണ അത്തരം പരാതികൾ ഉണ്ടാകരുത്. അതുപോലെതന്നെ സംരക്ഷണത്തിന് അർഹതയില്ലാത്ത ആരെയും ലിസ്റ്റിൽ ഉൾപ്പെടുത്തുകയുമരുത്. ഇതിനു വിരുദ്ധമായ പ്രവൃത്തികൾ ഇപ്രാവശ്യം ഉണ്ടായാൽ ബന്ധപ്പെട്ട ക്ലാർക്കും സൂപ്രണ്ടും ഓഫീസർമാരും വ്യക്തിപരമായിത്തന്നെ ഉത്തരവാദിത്തം വഹിക്കേണ്ടിവരും എന്നും അത്തരക്കാർക്കെതിരെ പ്രസ്തുത കൃത്യവിലോപത്തിന് അച്ചടക്ക നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുന്നു.

സൂചന 2 ലെ ഉത്തരവ്, ഖണ്ഡിക I പ്രകാരം താഴെപ്പറയുന്ന അധ്യാപക-അനധ്യാപകർക്കാണ് ഇപ്പോൾ സംരക്ഷണത്തിന് അർഹതയുള്ളത് എന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

1. 31.03.2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവീസിൽ തുടർന്ന അധ്യാപകർ/അനധ്യാപകർ
2. അധ്യാപക പാക്കേജ് വഴി 01.06.2011 മുതൽ നിയമനാംഗീകാരം ലഭിച്ച അധ്യാപകർ/അനധ്യാപകർ
3. മുൻകാല സംരക്ഷണ ഉത്തരവുകൾവഴി (26.07.1999 ലെ സ.ഉ.(പി) നമ്പർ 175/99/പൊ.വി.വ., 29.09.1999 ലെ സ.ഉ (പി) നമ്പർ 240/99/പൊ.വി.വ., 27.03.2000 ലെ സ.ഉ.(പി) നമ്പർ 103/2000/പൊ.വി.വ.) സംരക്ഷണം ലഭിച്ചിട്ടുള്ള അധ്യാപകർ/അനധ്യാപകർ
4. അധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അധ്യാപകർ
5. അധ്യാപക പാക്കേജിന്റെ ഭാഗമായി, തസ്തികയില്ലാതെ മറ്റ് സ്കൂളുകളിൽ വിന്യസിക്കപ്പെട്ട് ശമ്പളം വാങ്ങുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർ
6. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, സ്ഥലംമാറ്റം, പ്രൊമോഷൻ എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ട് 29.01.2016 ലെ സ.ഉ(പി) നമ്പർ 29/2016/പൊ.വി.വ ലെ ഖണ്ഡിക II(2) ലെ അനുപാത പ്രകാരം അംഗീകരിക്കപ്പെട്ടവർ

*(2011-12 മുതൽ 2014-15 വരെ അധികതസ്തികകളിലെ ഒഴിവുകളിൽ നിയമനാംഗീകാരം ലഭിച്ചവർക്ക് സംരക്ഷണാനുകൂല്യം നൽകിയിട്ടില്ല എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്).*

അധ്യാപക പാക്കേജ് വഴി നിയമിതരായ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ വിവരങ്ങൾ (മേൽ ക്രമനമ്പർ 4), അധ്യാപക പാക്കേജ് വഴി തന്നെ, തസ്തികയില്ലാതെ മറ്റു സ്കൂളുകളിൽ വിന്യസിക്കപ്പെട്ട് തുടരുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർ (മേൽ ക്രമനമ്പർ 5) എന്നിവ

രുടെ വിവരങ്ങൾ കൃത്യമായി എന്റർ ചെയ്യുന്നതിൽ ചില എ.ഇ.ഒ/ഡി.ഇ.ഒ മാർ മുൻപ് വീഴ്ച വരുത്തിയിട്ടുണ്ട്. ഇത്തവണ അങ്ങനെ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അതുപോലെതന്നെ 14.07.1997 വരെ സംരക്ഷണം ലഭിച്ചവരിൽ ചിലർ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ അക്കാലത്ത് പുനർവിന്യസിക്കപ്പെട്ട് ഇപ്പോഴും തുടരുന്നുണ്ടാകാം. ഇങ്ങനെയുള്ളവരെയൊക്കെ കണ്ടെത്തി അധ്യാപക ബാങ്കിൽ ഉൾപ്പെടുത്താനും പ്രത്യേക ശ്രദ്ധ വേണം. സ്കൂളുകളിലെ റഗുലർ സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് തസ്തിക നഷ്ടമായാൽ അവരെ മറ്റൊരു സ്കൂളിൽകൂടി ക്ലബ് ചെയ്ത് നിലനിർത്തണമെന്ന് നിർദേശമുള്ളതിനാൽ (സൂചന 3 ലെ ഉത്തരവ്) അത്തരം അധ്യാപകരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നാണ് മുൻവർഷം നിർദേശിച്ചിരുന്നത്. ഇവരുടെ ലിസ്റ്റ് പ്രത്യേകം ശേഖരിക്കാനും നിർദേശിച്ചിരുന്നു. എന്നാൽ തസ്തിക നഷ്ടമാകുന്ന ഇവർക്ക് സംരക്ഷണാനുകൂല്യം ഉള്ളതുകൊണ്ടാണ് ക്ലബ്ബിംഗ് രീതിയിൽ പുനർവിന്യാസം അനുവദിക്കുന്നത് എന്നതിനാൽ ഈ വർഷം മുതൽ തസ്തിക നഷ്ടമാകുന്ന, സംരക്ഷണാനുകൂല്യമുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകരെയും അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തണം. മറ്റൊരു സ്കൂളിൽ/ വിഭാഗത്തിൽ കൂടി ക്ലബ് ചെയ്തുകൊണ്ട് ഇവരെ പുനർവിന്യസിച്ചാൽ അതിനെ താൽക്കാലിക പുനർവിന്യാസമായാണ് കാണേണ്ടത്.

പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ—

- ❖ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന സ്കൂളുകൾ ഇപ്പോൾ സർക്കാർ സ്കൂളുകൾ ആയതിനാൽ അവയിലെ സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ മുൻപ് സൈറ്റിൽ എന്റർ ചെയ്യാൻ കഴിയുമായിരുന്നില്ല. 2017 ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന വിവരശേഖരണത്തിന് ഇതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത സംവിധാനം ഇപ്പോഴും തുടരുന്നതാണ്. സംരക്ഷിത ജീവനക്കാരുള്ള പഞ്ചായത്ത്/മുനിസിപ്പാലിറ്റി സ്കൂളുകൾ ഏതെങ്കിലും സൈറ്റിൽ ലഭ്യമല്ലെങ്കിൽ മുൻപ് ചെയ്തതുപോലെതന്നെ സമ്പൂർണയിലുള്ള സ്കൂളിന്റെ പേരും സ്കൂൾ കോഡും ചേർത്ത് ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ മാർ കൈറ്റിൽ ഇ-മെയിൽ വഴി (tvmitschool@gmail.com) അപേക്ഷിച്ചാൽ പ്രസ്തുത സ്കൂൾ കൂടി സൈറ്റിൽ ലഭ്യമാക്കുന്നതാണ്. സൈറ്റിൽ ലഭ്യമല്ലാത്ത ഏതൊരു സ്കൂളിനെ സംബന്ധിച്ചും (ഉദാഹരണം: അടച്ചു പൂട്ടിയ സ്കൂളുകൾ) ഇതേ മാർഗം തന്നെയാണ് അവലംബിക്കേണ്ടത്.
- ❖ മാനേജുമെന്റുകളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച വിവരം പരിശോധിച്ച് ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ പ്രസ്തുത വിവരം എന്റർ ചെയ്യാവൂ. (Yes/No). ന്യൂനപക്ഷ പദവിയുള്ള ഒരു സ്കൂളിനും 'No' എന്നും, പദവി ഇല്ലാത്ത ഒരു സ്കൂളിനും 'Yes' എന്നും എന്റർ ചെയ്യരുത്.
- ❖ 'whether deployed or not' എന്ന കോളത്തിൽ എയ്ഡഡ് സ്കൂളുകളിലെ സ്ഥിരം ഒഴിവുകളിൽ പുനർവിന്യസിച്ചവരുടെ കാര്യത്തിൽ 'Yes' എന്നും, മറ്റെല്ലാ തരത്തിലുമുള്ള താൽക്കാലിക പുനർവിന്യാസം ലഭിച്ചവരുടെ കാര്യത്തിൽ (സർക്കാർ സ്കൂളുകൾ/ഓഫീസുകൾ/പ്രോജക്ടുകൾ/എയ്ഡഡ് സ്കൂളുകളിലെ അവധി ഒഴിവുകൾ മുതലായവ) 'No' എന്നും സെലക്ട് ചെയ്ത് ചേർക്കുക. മറ്റൊരു സ്കൂളിൽ/വിഭാഗത്തിൽ കൂടി ക്ലബ് ചെയ്തുകൊണ്ട് പുനർവിന്യസിച്ചിരിക്കുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ കാര്യത്തിൽ ഈ കോളത്തിൽ 'No' എന്നാണ് ചേർക്കേണ്ടത്. (അധ്യാപക ബാങ്കിൽ ഇപ്പോൾ നിലവിലുള്ളവരുടെ കാര്യത്തിലും ഈ ഫീൽഡ് കൃത്യമായി പൂരിപ്പിക്കണം.)
- ❖ ജൂലൈ 9 നു മുമ്പ് എ.ഇ.ഒ/ഡി.ഇ.ഒ മാർ എഡിറ്റിംഗ്/എൻട്രി പൂർത്തിയാക്കി കൺഫേം ചെയ്തിരിക്കണം.

- ❖ ജൂലൈ 10 ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ലിസ്റ്റ് പരിശോധിച്ച് ശരിയാണെന്നുറപ്പു വരുത്തി കൺഫേം ചെയ്യണം. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ബന്ധപ്പെട്ട ജീവനക്കാരുടെ സാന്നിധ്യത്തിലാകണം ഈ പരിശോധന നടത്തേണ്ടത്. ഇനിയൊരു തെറ്റ്/ഒഴിവാകൽ/കൂട്ടിച്ചേർക്കൽ ലിസ്റ്റിൽ ഉണ്ടാകരുത്.
- ❖ ജൂലൈ 11 രാവിലെ മുതൽ വിവരങ്ങൾ എൻട്ര്/എഡിറ്റ് ചെയ്യുന്നതിനായി സൈറ്റ് ലഭ്യമാകുന്നതല്ല.
- ❖ വിദ്യാഭ്യാസ ഉപഡയറക്ടർ കൺഫേം ചെയ്ത അധ്യാപക ബാങ്ക് പ്രിന്റൗട്ട് എടുത്ത്, ഒപ്പിട്ട് ഒരു പകർപ്പ് ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷനിൽ പ്രത്യേക ദൂതൻ മുഖാന്തരം 16.07.2018 നോ അതിനു മുൻപോ എത്തിക്കണം.

ഈ വിഷയത്തിൽ ഇനി എന്തെങ്കിലും തെറ്റുകൾ വരുത്തിയാലോ, ഏതെങ്കിലും പേരുകൾ വിട്ടുപോയാലോ അതുമൂലമുണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെയായിരിക്കും ഉത്തരവാദികൾ എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക. എഡിറ്റിംഗ്/എൻട്രി ആരംഭിക്കുന്നതിനു മുമ്പ് അതിനുള്ള നിർദേശങ്ങൾ മനസ്സിരുത്തി വായിച്ച് ഉൾക്കൊള്ളണമെന്നും അറിയിക്കുന്നു.

ജൂലൈ 10 ന് ജില്ലയിലെ അധ്യാപക ബാങ്ക് നവീകരിക്കപ്പെട്ടാൽ അടുത്തതായി ചെയ്യേണ്ടത് സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസപ്രവർത്തനങ്ങളാണ്. കെ.ഇ.ആർ ഭേദഗതി കേസുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച "തൽസ്ഥിതി തുടരുന്നത്" സംബന്ധിച്ച ഇടക്കാല ഉത്തരവുമൂലം 03.12.2016 ലെ കെ.ഇ.ആർ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള പുനർവിന്യാസം ഇപ്പോൾ നടത്താനാവില്ല. എന്നിരുന്നാലും തസ്തിക നഷ്ടമായ സംരക്ഷിത ജീവനക്കാർക്ക് 15.07.2018 മുതലുള്ള ശമ്പളം മുടങ്ങാതിരിക്കുന്നതിനായി പുനർവിന്യാസത്തിനുള്ള മാർഗങ്ങൾ ആരായേണ്ടിയിരിക്കുന്നു.

ഇതിനായി എ.ഇ.ഒ/ഡി.ഇ.ഒ മാരിൽ നിന്ന് സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കാനുള്ള ഒഴിവുകൾ (കെ.ഇ.ആർ ഭേദഗതി പ്രകാരമല്ലാതെയുള്ള ഒഴിവുകൾ) ജൂലൈ 10 നു തന്നെ (അവർ ലിസ്റ്റ് കൺഫേം ചെയ്യാൻ വരുമ്പോൾ) വിദ്യാഭ്യാസ ഉപഡയറക്ടർ ശേഖരിക്കണം. ജില്ലയിൽതന്നെ പുനർവിന്യസിക്കാൻ കഴിയുന്നവരുടെ ലിസ്റ്റ് തയ്യാറാക്കണം. ബാക്കിയുള്ളവർ ഉണ്ടെങ്കിൽ അവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണവും, വിവരങ്ങളും **12.07.2018 നു രാവിലെ 10 മണിക്കുതന്നെ** ഡയറക്ടറേറ്റിൽ എത്തിക്കണം. (hsectiondpi@gmail.com) ജില്ലയിലെ പുനർ വിന്യാസ ഉത്തരവ് ഈ ഓഫീസിൽ നിന്നുള്ള തുടർ നിർദേശങ്ങൾ ലഭിച്ചതിനു ശേഷം മാത്രമേ പ്രസിദ്ധീകരിക്കാവൂ.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ അധ്യാപകബാങ്ക് confirm ചെയ്യുന്ന സമയത്ത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഒപ്പിട്ട, അവരുടെ ജില്ലയിലെ/ഉപജില്ലയിലെ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റ് കൂടി വാങ്ങണം.

എൻട്രി നടത്തുമ്പോൾ എന്തു സംശയമുണ്ടായാലും വിളിക്കുക. 9446128780, 9446742346. സാങ്കേതിക സഹായത്തിന് കൈറ്റ്, പൂജപ്പുര - 0471 2529800 Extn. 897. *(ആവശ്യമില്ലാതെ കൈറ്റിലേക്ക് വിളിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. സാങ്കേതിക സഹായത്തിനല്ലാതെ ആരും അവിടേക്ക് വിളിക്കരുത്.)*

**2018-19 ലെ അധ്യാപക ബാങ്ക് നവീകരണവും സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസ പ്രവർത്തനങ്ങളും സംബന്ധിച്ച സമയക്രമം ഒരിക്കൽകൂടി -**

| | |
|---|---|
| ജൂലൈ 4-9 (എ.ഇ.ഒ/ഡി.ഇ.ഒ തലം) | • നിലവിലുള്ള അധ്യാപകബാങ്കിൽ എ.ഇ.ഒ/ഡി.ഇ.ഒ മാർ ഒഴിവാക്കൽ/കൂട്ടിച്ചേർക്കൽ നടത്തി ലിസ്റ്റ് പരിഷ്കരിക്കുന്നു.<br>• ഉപജില്ലയിൽ/ജില്ലയിൽ സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുന്നതിന് ലഭ്യമായ ഒഴിവുകൾ ശേഖരിക്കുന്നു. (സൂചന 2 ലെയും 3 ലെയും ഉത്തരവുകൾ പ്രകാരമുള്ളത്) |

| | |
|---|---|
| ജൂലൈ 10<br>(ഡി.ഡി.ഇ തലം) | • വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഓരോ ഉപജില്ലയിലെയും, ജില്ലയിലെയും ലിസ്റ്റ് പരിശോധിച്ച് കൺഫേം ചെയ്യുന്നു.<br>• റവന്യൂ ജില്ലയിൽ സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുന്നതിന് ലഭ്യമായ ഒഴിവുകൾ ശേഖരിക്കുന്നു.<br>• ഡി.പി.ഒ യിൽ നിന്ന് ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ ഒഴിവുകളും ശേഖരിക്കുന്നു. (**ഇതിന് ഇപ്പോൾ തന്നെ കത്ത് നൽകണം**.) |
| ജൂലൈ 11<br>(ഡി.ഡി.ഇ തലം) | • റവന്യൂ ജില്ലയ്ക്കുള്ളിൽ പുനർവിന്യസിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>• ബാക്കിയുള്ള ഒഴിവുകളുടെ വിവരങ്ങളും, ജില്ലയിൽ പുനർവിന്യസിക്കപ്പെടാത്ത അധ്യാപക-അനധ്യാപകരുടെ വിവരങ്ങളും തയ്യാറാക്കുന്നു. |
| ജൂലൈ 12<br>(രാവിലെ 10 മണി)<br>(ഡി.ഡി.ഇ തലം) | • റവന്യൂ ജില്ലയിൽ പുനർവിന്യസിക്കുന്നവരെ സംബന്ധിച്ച ഉത്തരവ് അന്തിമമാക്കുന്നു. (പ്രസിദ്ധീകരിക്കരുത്)<br>• ബാക്കിയുള്ള ഒഴിവുകളുടെ വിവരങ്ങളും, ജില്ലയിൽ പുനർവിന്യസിക്കപ്പെടാതെ അവശേഷിക്കുന്ന അധ്യാപക-അനധ്യാപകരുടെ വിവരങ്ങളും ഡയറക്ടറേറ്റിലേക്ക് അയക്കുന്നു. |
| ജൂലൈ 13<br>(രാവിലെ 11 മണി)<br>(ഡി.പി.ഐ തലം) | • ഇതര ജില്ലകളിലെ ഒഴിവുകളിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്ന കാര്യത്തിൽ ഡയറക്ടർ തീരുമാനം കൈക്കൊള്ളുന്നു. |
| ജൂലൈ 16<br>(രാവിലെ 11 മണി)<br>(ഡി.ഡി.ഇ തലം) | • റവന്യൂ ജില്ലയിലെ അധ്യാപക ബാങ്ക് പ്രസിദ്ധീകരിക്കുന്നു. വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെബ്സൈറ്റിൽ/ബ്ലോഗിൽ ഇത് പ്രസിദ്ധീകരിക്കുന്നതോടൊപ്പം ജില്ലയിലെ എല്ലാ മാനേജർമാർക്കും, എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസുകൾക്കും ലിസ്റ്റ് ലഭ്യമാക്കുകയും വേണം.<br>• റവന്യൂ ജില്ലയിലെ അധ്യാപക ബാങ്കിന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ട് ഡയറക്ടറേറ്റിൽ എത്തിക്കുന്നു. (ഹാർഡ് കോപ്പി) |
| ജൂലൈ 18<br>(വൈകിട്ട് 5 മണി)<br>(ഡി.പി.ഐ തലം) | • എല്ലാ ജില്ലകളിലെയും അധ്യാപക ബാങ്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. |

ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിപരവും കോർപ്പറേറ്റും ആയ മാനേജുമെന്റുകളിലെ സ്കൂളുകളിൽ നിന്നു പുറത്താകുന്ന, സംരക്ഷണത്തിന് അർഹതയുള്ള ജീവനക്കാരെ അവരുടെ മാനേജുമെന്റിലെതന്നെ മറ്റു സ്കൂളുകളിലെ ഒഴിവുകളിൽ ക്രമീകരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ മാത്രമേ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. വളരെയധികം സ്കൂളുകളുള്ള മാനേജുമെന്റുകൾക്ക് ഈ ക്രമീകരണം നടത്താൻ അൽപം സമയം വേണ്ടി വന്നേക്കാം. എന്നിരുന്നാലും മേൽ പറഞ്ഞ സമയപരിധിക്കുള്ളിൽ അത് പൂർത്തിയാക്കാൻ കഴിഞ്ഞാൽ അവരുടെ മാനേജുമെന്റിലെ സംരക്ഷിതജീവനക്കാരെയും ഇപ്പോൾ തന്നെ അധ്യാപകബാങ്കിൽ ഉൾപ്പെടുത്തേണ്ടതാണ്. തസ്തിക നഷ്ടമാകുന്ന സ്കൂളുകൾ സ്ഥിതി ചെയ്യുന്ന റവന്യൂജില്ലയിലെ അധ്യാപകബാങ്കിലാണ് പ്രസ്തുത സംരക്ഷിതാധ്യാപകന്റെ പേര് ഉൾപ്പെടുത്തേണ്ടത്. "തസ്തിക നഷ്ടമായ സംരക്ഷിതാധ്യാപകനെ ക്രമീകരിക്കാൻ മാനേജുമെന്റിലെ സ്കൂളുകളിൽ വ്യവസ്ഥാപിത ഒഴിവുകളില്ലെന്നും അദ്ദേഹത്തേക്കാൾ ജൂനിയറായതും, സംരക്ഷണത്തിന് അർഹതയില്ലാത്തതുമായ ആരുംതന്നെ മാനേജുമെന്റിലെ ഒരു സ്കൂളിലെയും പ്രസ്തുത കാറ്റഗറിയിൽ ശമ്പളം വാങ്ങിക്കൊണ്ടോ, നിയമനാംഗീകാരം

ഇല്ലാതെയോ തുടരുന്നില്ലെന്നും'' സൂചിപ്പിച്ചുകൊണ്ടുള്ള ഒരു സത്യപ്രസ്താവന സഹിതം ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ മാർ വഴി മാനേജർ ഇതിനെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകിയാൽ സംരക്ഷിത ജീവനക്കാരന്റെ പേര് പ്രസ്തുത ജില്ലയിലെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തേണ്ടതാണ്. ടി ക്രമീകരണം നിർദിഷ്ട സമയപരിധിക്കുള്ളിൽ നടത്താൻ കഴിയുന്നില്ലെങ്കിൽ അത് പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷിച്ചാൽ ബാക്കിയുള്ള സംരക്ഷിത ജീവനക്കാരെ അധ്യാപകബാങ്കിൽ ഉൾപ്പെടുത്തി പുനർ വിന്യസിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ ജൂലൈ 15 മുതൽ സംരക്ഷിത ജീവനക്കാർ പുനർവിന്യസിക്കപ്പെടുന്നതു വരെയുള്ള കാലയളവ് അർഹതയുള്ള അവധിയായോ ശൂന്യവേതനാവധിയായോ ക്രമീകരിക്കേണ്ടതാണ്. (ഈ ക്രമീകരണം ഇപ്പോൾതന്നെ പൂർത്തിയാക്കിയിട്ടുള്ള ധാരാളം മാനേജുമെന്റുകൾ ഉണ്ടാകും. അവരുടെ, തസ്തിക നഷ്ടമായ സംരക്ഷിതാധ്യാപകരെ മേൽപറഞ്ഞ സത്യപ്രസ്താവന വാങ്ങി ഇപ്പോൾതന്നെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തേണ്ടതാണ്. വിവിധ റവന്യൂ ജില്ലകളിലായി വളരെയധികം സ്കൂളുകളുള്ള വലിയ മാനേജുമെന്റുകൾക്കു മാത്രമേ ക്രമീകരണത്തിനു സമയം ആവശ്യമായി വരൂ.)

ഒന്നിലധികം സ്കൂളുകളുള്ള എല്ലാ മാനേജുമെന്റുകൾക്കും അവരുടെ സ്കൂളുകളുടെ തസ്തികനിർണയ ഉത്തരവും ഈ കത്തിന്റെ പകർപ്പും ജൂലൈ 10 നകം തന്നെ രജിസ്റ്റേർഡ് തപാലിൽ/നേരിട്ട് നൽകി രസീത് തസ്തികനിർണയ ഫയലിൽ തന്നെ സൂക്ഷിക്കാൻ എല്ലാ എ.ഇ.ഒ/ഡി.ഇ.ഒ മാരും ശ്രദ്ധിക്കേണ്ടതാണ്.

മേൽപറഞ്ഞ സമയക്രമം നമുക്ക് യാതൊരു വീഴ്ചയുമില്ലാതെ പാലിച്ചേ മതിയാകൂ. അതിൽ യാതൊരു മാറ്റവും അനുവദിക്കാനും കഴിയില്ല. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ പ്രവർത്തനപുരോഗതി പ്രതിദിനം വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുകയും വിവരം യഥാസമയം ഡയറക്ടറേറ്റിൽ അറിയിക്കുകയും വേണം. വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ സൂപ്രണ്ടുമാർ വരെയുള്ള ഓഫീസർമാർക്ക് ഓരോ ജില്ലയുടെയും ഉപജില്ലയുടെയും ചുമതല നൽകി മോണിറ്ററിംഗ് ഫലപ്രദമാക്കുക.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ നാളുകളിൽ സംതൃപ്തിയുള്ള അധ്യാപക സമൂഹത്തിന്റെ സൃഷ്ടിക്കായാണ് ഇപ്പോൾ നമ്മുടെ ഓഫീസുകളിലെ ജീവനക്കാർ ശ്രമിക്കേണ്ടത്. അതിന്റെ അന്തിമ ഗുണഫലം ലഭിക്കുന്നത് നമ്മുടെ സ്കൂളുകളിലെ കുരുന്നുകൾക്കാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ്, എല്ലാവരും ഒരു മനസ്സോടെ പരിശ്രമിച്ച് ജൂലൈ 13 നു തന്നെ തസ്തിക നിർണയ, പുനർവിന്യാസ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**കെ.വി മോഹൻകുമാർ ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും,
   (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തരം)
2. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര
   (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)